ഗ്രാമ ന്യായാലയം മതിലകം, എറിയാട്
സാന്നിദ്ധ്യം: ശ്രീമതി. അപർണ ഉദയകുമാർ, ന്യായാധികാരി
തിയ്യതി: 2025 ഒക്ടോബർ 25, ശനി (1947 കാർത്തികം 03)

.............................................................................................................................................

# COMMON ORDER IN CMP 367/2025 and 368/2025 IN MC 33/2025

| | | |
|---|---|---|
| ഹർജിക്കാർ | : | 1. വിജി, 35 വയസ്സ്, D/o കിഴക്കേവീട്ടിൽ ദിനേശൻ, എടവിലങ്ങ് വില്ലേജ്, കാര പോസ്റ്റിൽ, കൊടുങ്ങല്ലൂർ, പിൻ-680671<br>2. കൊടുങ്ങല്ലൂർ താലൂക്ക് എടവിലങ്ങ് വില്ലേജ് കാര പോസ്റ്റിൽ കിഴക്കേവീട്ടിൽ വിജിയുടെയും ടി താലൂക്ക് ടി വില്ലേജ് കാര പോസ്റ്റിൽ പാലക്കപറമ്പിൽ സനീഷിന്റെയും മകൾ മൈനർ 13 വയസ്സ് അശ്വിനി Rep by mother Viji<br>3. കൊടുങ്ങല്ലൂർ താലൂക്ക് എടവിലങ്ങ് വില്ലേജ് കാര പോസ്റ്റിൽ കിഴക്കേവീട്ടിൽ വിജിയുടെയും ടി താലൂക്ക് ടി വില്ലേജ് കാര പോസ്റ്റിൽ പാലക്കപറമ്പിൽ സനീഷിന്റെയും മകൾ 10 വയസ്സ് അനശ്വരി Rep by mother Viji<br>4. കൊടുങ്ങല്ലൂർ താലൂക്ക് എടവിലങ്ങ് വില്ലേജ് കാര പോസ്റ്റിൽ കിഴക്കേവീട്ടിൽ വിജിയുടെയും ടി താലൂക്ക് ടി വില്ലേജ് കാര പോസ്റ്റിൽ പാലക്ക പറമ്പിൽ സനീഷിന്റെയും മകൾ 5 വയസ്സ് ഐശ്വര്യ Rep by mother Viji<br>5. കൊടുങ്ങല്ലൂർ താലൂക്ക് എടവിലങ്ങ് വില്ലേജ് കാര പോസ്റ്റിൽ കിഴക്കേവീട്ടിൽ വിജിയുടെയും ടി താലൂക്ക് ടി വില്ലേജ് കാര പോസ്റ്റിൽ പാലക്ക പറമ്പിൽ സനീഷിന്റെയും മകൾ 2 1/2 വയസ്സ് അൻവി Rep by mother Vij.<br>(അഡ്വ: സ്നേഹപ്രഭ വി ) |
| എതിർകക്ഷി | : | സനീഷ്, 38 വയസ്സ്, S/o പാലക്കപറമ്പിൽ സത്യൻ, എടവിലങ്ങ് വില്ലേജ്, കാര പോസ്റ്റിൽ, കൊടുങ്ങല്ലൂർ താലൂക്ക്, പിൻ-680671 |
| വകുപ്പ് | : | ഗാർഹിക പീഡനത്തിനുള്ള സ്ത്രീ സംരക്ഷണ നിയമം 2005, 23-ാം വകുപ്പ് |

## <u>ഇടക്കാല ഉത്തരവ്</u>

ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമത്തിലെ 23(2) വകുപ്പ് പ്രകാരം ഹർജികക്ഷി ഇടക്കാല ആശ്വാസം ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷകളാണിത്.

2. കേട്ടു. സത്യവാങ്മൂലവും അപേക്ഷയും പരിശോധിച്ചു, എതിർകക്ഷി ഗാർഹിക പീഡനപ്രവർത്തികൾ ചെയ്തതോ അല്ലെങ്കിൽ ചെയ്യുന്നതോ അല്ലെങ്കിൽ ചെയ്യാൻ സാധ്യത ഉള്ളതോ ആയ ഒരു പ്രഥമദൃഷ്ട്യാ കേസ് ഹർജികക്ഷി സമർപ്പിച്ചതിൽ ഞാൻ സംതൃപ്തയാണ്. ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുൻപ് നോട്ടീസ് നൽകിയാൽ കാലതാമസം കാരണം ഹർജിയുടെ ഉദ്ദേശം പരാജയപ്പെട്ടേക്കാം. വസ്തുതകളും സാഹചര്യങ്ങളും കണക്കിലെടുക്കുമ്പോൾ ഗാർഹിക പീഡനം തടയുന്നതിന് ഒരു ഇടക്കാല ഉത്തരവ് ആവശ്യമാണെന്നതിന് ഞാൻ സംതൃപ്തയാണ്. അതിനാൽ ഈ ഹർജി തീർപ്പാക്കുന്നതുവരെ ഇനിപ്പറയുന്ന രീതിയിൽ ഈ ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുന്നു.

**<u>എതിർകക്ഷിയെ ഇതിനാൽ തടഞ്ഞിരിക്കുന്നു:-</u>**

i. CMP368/2025 പ്രകാരം ഹർജിക്കാരിയും മക്കളും ഇപ്പോൾ തമാസിച്ചു വരുന്ന

കൊടങ്ങല്ലൂർ താലൂക്ക് എടവിലങ്ങ് വില്ലേജിലുള്ള ഹർജിക്കാരിയുടെ പിതാവിന്റെ പേരിലുള്ള XIII വാർഡ് നമ്പർ 137B വീട്ടു നമ്പർ ആയുള്ള വീട്ടിൽ എതിർകക്ഷി പ്രവേശിച്ച് ഹർജിക്കാരിക്കെതിരെ ഗാർഹിക അതിക്രമങ്ങൾ നടത്തിപോകരുതെന്നും ഹർജിക്കാരിയുടെ മാതാപിതാക്കളെയോ സഹോദരനെയോ ബന്ധുക്കളെയോ യാതൊരുവിധ തരത്തിലും ഉപദ്രവിക്കരുതെന്നും ഹർജിക്കാരിയെ പിൻതുടർന്ന് ഉപദ്രവിക്കരുതെന്നും എതിർ കക്ഷിയോ വീട്ടുകാരോ ഹർജിക്കാരി താമസിക്കുന്ന വീട്ടിൽ പ്രവേശിച്ച് അതിക്രമം കാണിക്കുകയോ ചെയ്യരുതെന്നും എതിർകക്ഷിയെ വിലക്കിയും

ii. ഹർജിക്കാരിയെയും ബന്ധുക്കളെയും ഭീഷണിപ്പെടുത്തുകയോ ഹർജിക്കാരിക്കും ബന്ധുക്കൾക്കുമെതിരെ അതിക്രമങ്ങൾ കാണിക്കുയോ ചെയ്യരുതെന്നും ഹർജിക്കാരിയെയോ വീട്ടുകാരെയോ ഫോണിലൂടെയോ മറ്റു സോഷ്യൽ മീഡിയയിലൂടെയോ വിളിച്ചോ മറ്റോ ശല്യപ്പെടുത്താനോ പാടില്ലെന്നും എതിർ കക്ഷിയെ വിലക്കി ഉത്തരവായിരിക്കുന്നു.

3. CMP367/2025, CMP368/2025 ഹർജികളിൽ ആവശ്യപ്പെട്ടിരിക്കുന്ന മറ്റു നിവൃത്തികൾ ഇരുഭാഗവും വാദം കേട്ട ശേഷം ഗുണത്തിന്മേൽ തീർപ്പ് കൽപ്പിക്കുന്നതാണ്.

4. എതിർകക്ഷിക്ക് എക്സ്പാർട്ടി ഇടക്കാല ഉത്തരവിന്റെ പകർപ്പ് സഹിതം നോട്ടീസ് അയക്കണം.

5. ഈ ഉത്തരവിൻെറ സൗജന്യ പകർപ്പ് ഹർജികക്ഷിക്കും Protection Officer-ക്കും കൈമാറുകയും ആവശ്യമെങ്കിൽ ഹർജികക്ഷിക്ക് ആവശ്യമായ സംരക്ഷണം നൽകാനും ഉത്തരവ് നടപ്പാക്കാനും ഈ ഉത്തരവിൻെറ പകർപ്പ് കൊടുങ്ങല്ലൂർ Police Station S.H.O-യ്ക്കും നൽകേണ്ടതാണ്.

6. മേൽ ഹർജികളിൽ എതിർകക്ഷിക്ക് നോട്ടീസ് അയച്ചുവരാനായി 07.11.2025 ലേയ്ക്ക് മാറ്റിയിരിക്കുന്നു.

(കോൺഫിഡൻഷ്യൽ അസിസ്റ്റൻറിനെക്കൊണ്ട് പറഞ്ഞ് എഴുതിക്കുകയും ടൈപ്പ് ചെയ്യിക്കുകയും, ഞാൻ തിരുത്തുകയും 25.10.2025 ന് കോടതിയിൽ ഉത്തരവായിരിക്കുന്നു.

Sd/-
ന്യായാധികാരി
ഗ്രാമന്യായാലയം മതിലകം

//ശരിപകർപ്പ്//

ന്യായാധികാരി
ഗ്രാമന്യായാലയം മതിലകം

<u>ഇതിലേക്ക് പകർത്തുക:-</u>

1. Protection Officer
2. SHO, കൊടുങ്ങല്ലൂർ Police Station
3. പരാതിക്കാരി
4. എതിർകക്ഷി

COMMON ORDER IN CMP 367/2025
and 368/2025 IN MC 33/2025
Dated:25.10.2025